# ഉണർന്നുകൊൾക

## വെളിപ്പാട് 3:01-02

"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു. ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ടു എങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നുകൊൾക; ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക."

ഏഴു സഭകൾക്കുള്ള കർത്താവിന്റെ ദൂതിൽ, സർദ്ദീസിലെ സഭയുടെ ദൂതന്നു എഴുതി അറിയിക്കുന്ന ഭാഗമാണ് നാം മേൽ വായിച്ചത്. പരമാധികാരിയായ കർത്താവ് എല്ലാ ആധികാരികതയോടും കൂടി പറയുന്നു, 'നിന്റെ പ്രവൃത്തി ഞാൻ അറിയുന്നു.' സങ്കീർത്തനം 139 ൽ നാം കാണുന്നുണ്ട്, 'നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെമേൽ വെച്ചിരിക്കുന്നു' എന്ന്. തന്റെ സൃഷ്ടിയുടെ മേൽ പൂർണ്ണമായ അധികാരമുള്ളവൻ തന്നെയാണ് ഈ പറയുന്നത്, നിന്റെ പ്രവൃത്തികളെ എല്ലാം ഞാൻ അറിയുന്നു. അങ്ങനെ നോക്കിക്കണ്ടതിന്റെ അടിസ്ഥാനത്തിൽ അവർക്കുള്ള കുറവിനെ നിരത്തിക്കാണിക്കുകയാണിവിടെ. എന്താണത്? നിനക്കു ജീവനുള്ളവൻ എന്നു പേരായിരുന്നു, എപ്പോൾ? നീ എന്നെ അറിഞ്ഞ്, എന്നിൽ വിശ്വസിച്ച്, നിന്റെ കർത്താവും രക്ഷിതാവുമായി എന്നെ സ്വീകരിച്ച് അത് ഈ ലോകത്തിന്റെ മുമ്പിൽ സാക്ഷ്യമായി ഏറ്റുപറഞ്ഞപ്പോൾ, എന്റെ ആത്മാവ് നിന്റെ ഹൃദയത്തിൽ ഒരു പുതിയ ജീവത്തുടിപ്പായി രൂപമെടുത്തു എന്ന് കർത്താവ് ഇവിടെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഇപ്പോൾ നീ ആരാണ്? പേരിൽ മാത്രം ജീവനുള്ളവനും എന്നാൽ ഉള്ളിൽ മരിച്ചവനുമായി നീ രൂപാന്തരപ്പെട്ടു പോയി എന്ന് കർത്താവ് ഓർമ്മിപ്പിക്കുകയാണിവിടെ.

പ്രിയരേ, ഇന്നു നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഈ കർത്താവിനെ നമ്മുടെ രക്ഷിതാവും കർത്താവുമായി ഏറ്റുപറഞ്ഞ് അവന്റെ ആത്മാവിനെ പ്രാപിച്ചവരായ ജീവനുള്ളവരായ നാം ആ പേരിന്നു ചേരുന്ന രീതിയിലുള്ള ജീവിതമാണോ കാഴ്ചവെയ്ക്കുന്നത്. വചനം പറയുന്നതുപോലെ ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയതു കഴിഞ്ഞുപോയി. എപ്രകാരമാണ് പഴയത് കഴിഞ്ഞു പോകുന്നത്? കൊലൊസ്സ്യ ലേഖനത്തിൽ പൗലോസ് ഇപ്രകാരം പറയുന്നു, 'നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ.' വസ്ത്രം മുഷിയുമ്പോൾ നാം അതു ഉരിഞ്ഞുകളഞ്ഞ് പുതിയ വസ്ത്രങ്ങൾ ധരിച്ച് നമ്മെത്തന്നെ മോടിപിടിപ്പിക്കാറുണ്ട്, അല്ലാത്തപക്ഷം നമ്മെ കാണുന്നവർ നമ്മെ വിട്ട് മാറിപ്പോകാൻ ഇടയാകും. എന്നാൽ പുറമെ എത്ര

മോടിപിടിപ്പിച്ചാലും നമ്മുടെ ഉള്ളിലെ മനുഷ്യൻ കറപുരളുന്നത് മറ്റാർക്കും കാണുവാൻ കഴിയില്ല. അതറിയുന്നവൻ ഒരുവൻ മാത്രമേ ഉള്ളൂ. അതു നമ്മുടെ കർത്താവായ ക്രിസ്തു മാത്രം. അതുകൊണ്ടാണ് തുടർന്നു വായിക്കുമ്പോൾ കർത്താവിന്റെ വലിയ ഒരു മുന്നറിയിപ്പ് നാം അവിടെ കാണുന്നത്; 'ഉണർന്നുകൊൾക; ചവാറായ ശേഷിപ്പുകളെ ശക്തീകരിക്ക' എന്ന്.

പ്രിയ ദൈവപൈതലേ, കർത്താവ് താൻ ഒടുവിലത്തെ രാത്രിയിൽ ഗത്സമനാ തോട്ടത്തിൽ ശിഷ്യന്മാരുമായി പ്രാർത്ഥിപ്പാൻ പോയപ്പോൾ തന്റെ അഭാവത്തിൽ ഉറക്കം പിടിച്ച ശിഷ്യന്മാരോടായി പലയാവർത്തി ഉണർന്നിരിന്ന് പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുന്നുണ്ട്. ഈ ഒടുവിലത്തെ നാളുകളിൽ, കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന ഈ നിമിഷങ്ങളിൽ അവൻ നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് അതു തന്നെയാണ്. മാനസാന്തരത്തോടെ ഉണർന്നിരുന്നു പ്രാർത്ഥിക്കുക, നിർജ്ജീവമായിപ്പോയ നമ്മുടെ ജീവിതങ്ങളെ വീണ്ടും ശക്തീകരിച്ച് അവന്റെ വരവിന്നായി ഒരുങ്ങി ഇരിക്കുക. അങ്ങിനെയെങ്കിൽ സർദ്ദീസിലെ സഭയുടെ ദൂതനോടു പറഞ്ഞതുപോലെ ഉടുപ്പു മലിനമാകാത്ത ജീവനുള്ളവരുടെ ഗണത്തിൽ നമ്മെയും ചേർക്കപ്പെടുവാനിടയായിത്തീരും. അപ്രകാരം നമ്മുടെ പേർ ജീവപുസ്തകത്തിൽ നിന്നും മായിച്ചുകളയാതെ തന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും ഏറ്റുപറയാൻ ഇടയായിത്തീരും. അല്ലാത്തപക്ഷം അവന്റെ വരവിന്റെ കാഹളം ധ്വനിച്ചാലും അതുകേൾക്കാതെ ഈ ലോകത്തിന്റെ ഇമ്പങ്ങളിൽ ലയിച്ചു ചേരുന്നവരായിത്തീരുവാൻ നമുക്കും ഏറെ സാദ്ധ്യതകൾ ഉണ്ട് എന്നു നാം മറന്നു പോകരുത്. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

1 തെസ്സലൊനിക്യർ 5:7–8

ഉറങ്ങുന്നവർ രാത്രിയിൽ ഉറങ്ങുന്നു; മദ്യപിക്കുന്നവർ രാത്രിയിൽ മദ്യപിക്കുന്നു. നാമോ പകലിന്നുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്കുക.

ബ്രദർ. ബിനു ബേബി ആലപ്പുഴ 180